III ഇ.ബി. XII-കേരള നിയമസഭ /V-3

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 ജൂൺ 21, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം സഭയിൽ ഉന്നയിക്കുകയും *61-ന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും *62-ന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

## II. ശ്രദ്ധ ക്ഷണിക്കൽ

(1) പട്ടിക സമുദായത്തിലെ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് 2006-07-ൽ മാറ്റിവച്ച തുക ചെലവഴിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ വീഴ്ചകളിലേയ്ക്ക് ശ്രീ. കെ. കെ. ഷാജു പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 110 അടിയായി നിജപ്പെടുത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി ഇ.എസ്. ബിജി മോൾ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. **സബ്മിഷൻ**

(1) ഏനാത്ത്, കടമ്പനാട് പ്രദേശങ്ങളിലെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(2) ദേശീയപാത 47-ന്റെ ഇരുവശങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം. ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(3) ഒറ്റപ്പാലത്തെ പൊൻമുഖം മലയിൽനിന്ന് മണ്ണെടുക്കുന്നതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(4) മാക്കുളം ചുരം-വീരാജ്പേട്ട റോഡ് പുനർനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ.പി. മോഹനൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(5) ചാലക്കുടി തച്ചുടപ്പറമ്പ് ജോസഫിന്റെ ദുരൂഹ മരണം സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) സ്ക്കൂൾ സമയമാറ്റംമൂലം മതപഠനം (മദ്രസ്സ) തടസ്സപ്പെടുന്നത് സംബന്ധിച്ച് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കുന്നംകുളം വില്ലേജിലെ കുടികിടപ്പുകാരായ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. ബാബു എം. പാലിശ്ശേരി ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(8) ട്രെയിനിൽനിന്നും വീണുമരിച്ച സന്തോഷിന്റെ കുടുംബത്തിന് ധനസഹായം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദനും ട്രെയിൻ യാത്രക്കാരോടുള്ള ടിക്കറ്റ് പരിശോധകരുടെ മോശമായ പെരുമാറ്റം സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാലും ഉന്നയിച്ച സബ്മിഷനുകൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) "എന്റെ മരം" എന്ന പ്രസിദ്ധീകരണം സംബന്ധിച്ച് ശ്രീ. ടി.എൻ. പ്രതാപൻ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

## IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VI. ധനകാര്യം

<u>2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ</u>

<u>ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 103,47,37,000 രൂപയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 591,82,05,000 രൂപയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,11,17,000 രൂപയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 68,39,37,000 രൂപയും അനുവദിക്കണമെന്ന പ്രമേയം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും പ്രമേയത്തെ റവന്യൂ വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. കെ. ബാബു.
2. ശ്രീ. കെ. കുഞ്ഞിരാമൻ

3. ശ്രീ. വി.എസ്. സുനിൽ കുമാർ
4. ശ്രീ. തോമസ് ഉണ്ണിയാടൻ
5. ശ്രീ. ജോസ് തെറ്റയിൽ
6. ശ്രീ. വി. സുരേന്ദ്രൻ പിള്ള
7. ശ്രീ. പി. വിശ്വൻ
8. ശ്രീ. എ.എ. അസീസ്
9. ശ്രീ. തോമസ് ചാണ്ടി
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
12. ശ്രീ. വി.എൻ. വാസവൻ
13. ശ്രീ. വർക്കല കഹാർ
14. ശ്രീ. സി.കെ.പി. പത്മനാഭൻ
15. ശ്രീ. യു.സി. രാമൻ
16. ശ്രീ. പള്ളിപ്രം ബാലൻ
17. ശ്രീ. ബി. രാഘവൻ
18. ശ്രീ. കെ. സുധാകരൻ

## VII. വ്യക്തിപരമായ വിശദീകരണം

വട്ടവടയിൽ തന്റെ മകന്റെ പേരിൽ 63 ഏക്കർ സ്ഥലമുണ്ടെന്ന് 20-6-07-ന് ശ്രീ.പി.സി.ജോർജ് ഉന്നയിച്ച ആരോപണം സത്യവിരുദ്ധമാണെന്ന് മരാമത്ത് വകുപ്പുമന്ത്രി വിശദീകരിച്ചു.

**ധനകാര്യം (തുടർച്ച)**

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 72 വോട്ടുകളോടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥന 31-നെതിരെ 75 വോട്ടുകളോടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും 31-നെതിരെ 76 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 ജൂൺ മാസം 22-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.06 -ന് പിരിഞ്ഞു.